2025 SEPTEMBER
16
TUESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഇന്ത്യ– റഷ്യ ബന്ധം തകർക്കാനുള്ള ശ്രമം വിലപ്പോകില്ലെന്ന് റഷ്യ

**മോസ്കോ:** റഷ്യയും ഇന്ത്യയും തമ്മിലുള്ള ബന്ധത്തെ തകർക്കാനുള്ള ഒരുശ്രമവും നടപ്പാകില്ലെന്ന് മുന്നറിയിപ്പ് നൽകി റഷ്യ. ഇന്ത്യയുമായുള്ള ബന്ധം കാലങ്ങളായി തുടരുന്നതാണെന്നും സുസ്ഥിരമായി മുന്നോട്ടു പോകുന്നതാണെന്നും റഷ്യൻ വിദേശകാര്യമന്ത്രാലയം വ്യക്തമാക്കി. സുസ്ഥിരവും ആത്മവിശ്വാസത്തോടെ മുന്നേറുന്നതുമാണ് ഇന്ത്യയും റഷ്യയുമായുള്ള ബന്ധം, അതിനെ തകർക്കാനുള്ള ഏതൊരു നടപടിയും പരാജയപ്പെടും, സർക്കാർ മാധ്യമമായ റഷ്യൻ ടൈംസിലൂടെ (ആർടി) വിദശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി.

അധികതീരുവ ചുമത്തിയിട്ടും റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നത് തുടരുന്ന ഇന്ത്യയ്ക്കുമേൽ യുഎസ് തീരുവയ്ക്ക് സമാനമായ ഇറക്കുമതി തീരുവ ഏർപ്പെടുത്താൻ മറ്റു രാജ്യങ്ങളുടെമേൽ ട്രംപ് സമ്മർദം ചെലുത്തുന്നതിനിടെയാണ് റഷ്യയുടെ മുന്നറിയിപ്പ്.

റഷ്യയിൽനിന്ന് എണ്ണ വാങ്ങുന്നത് നിർത്തലാക്കാൻ യുഎസിൽനിന്നും മറ്റു നാറ്റോ രാജ്യങ്ങളിൽനിന്നും സമ്മർദ്ദമേറിയിട്ടും അതിനെതിരെ ഉറപ്പോടെ നിലകൊള്ളുന്നതിലും ഭീഷണികൾക്ക് വഴങ്ങാതെ പ്രതിജ്ഞാബദ്ധമായി തുടരുന്നതിലും ഇന്ത്യയെ റഷ്യൻ വിദേശകാര്യമന്ത്രാലയം പ്രശംസിക്കുകയും ചെയ്തു. ബാഹ്യ ഭീഷണികളുടെയും വിമർശനങ്ങളുടെയും മുന്നിൽപ്പോലും റഷ്യയുമായുള്ള പങ്കാളിത്തത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധത മന്ത്രാലയം എടുത്തു പറഞ്ഞു. ഇതിൽനിന്ന് വ്യത്യസ്തമായൊന്ന് സങ്കൽപ്പിക്കാൻ പോലും പ്രയാസമാണെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു.



ഇന്ത്യയുടെ ഈ സമീപനം ദീർഘകാലമായുള്ള റഷ്യ-ഇന്ത്യ സൗഹൃദത്തിന്റെ ചൈതന്യത്തിലും പാരമ്പര്യത്തിലും അധിഷ്ഠിതമാണെന്നും അന്താരാഷ്ട്ര കാര്യങ്ങളിലെ തന്ത്രപരമായ സ്വയംഭരണാവകാശത്തെ ഇത് പ്രതിനിധീകരിക്കുന്നതായും മന്ത്രാലയം ചൂണ്ടിക്കാട്ടി. ഇന്ത്യയും റഷ്യയുമായുള്ള പങ്കാളിത്തം പരമാധികാരത്തിന്റെ പരമമായ മൂല്യത്തിനും ദേശീയ താൽപര്യങ്ങൾക്കും മുൻഗണന നൽകുന്നുവെന്നും റഷ്യ പറഞ്ഞു.

ഇന്ത്യയുടെ കാഴ്ചപ്പാട് വിശ്വസനീയവും ദീർഘവീക്ഷണമുള്ളതും നയതന്ത്രപരവുമായ ബന്ധങ്ങളെ പിന്തുണയ്ക്കുന്നതാണെന്നും റഷ്യ കൂട്ടിച്ചേർത്തു.

സൈനികേതര സൈനിക ഉത്പാദനം, മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്നതിനുള്ള ദൗത്യങ്ങൾ, ആണവോർജ്ജം, റഷ്യൻ എണ്ണ പര്യവേക്ഷണത്തിലെ ഇന്ത്യൻ നിക്ഷേപങ്ങൾ എന്നിവയുൾപ്പെടെയുള്ള സംയുക്ത പദ്ധതികളിൽ ഇരുരാജ്യങ്ങളും സഹകരിക്കുന്നുണ്ട്.

നൂതന പണമിടപാട് സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും ദേശീയ കറൻസികളുടെ ഉപയോഗം വർധിപ്പിക്കുന്നതിനും ബദൽ ഗതാഗത, ചരക്കുനീക്ക പാതകൾ മെച്ചപ്പെടുത്തുന്നതിനുമുള്ള സംയുക്തശ്രമങ്ങൾക്കും ഇരുരാജ്യങ്ങളും പ്രാധാന്യം നൽകുന്നുണ്ട്.



## ബ്രഹ്മപുരത്തെ സിബിജി പ്ലാന്റിന്റെ കമ്മീഷനിംഗ് ഒക്ടോബറിൽ

**കൊച്ചി:** ബ്രഹ്മപുരത്ത് ഭാരത് പെട്രോളിയം കോർപറേഷൻ നിർമാണം പൂർത്തീകരിച്ച കംപ്രസ്ഡ് ബയോ ഗ്യാസ് (സിബിജി) പ്ലാന്റിന്റെ കമ്മീഷനിംഗ് ഒക്ടോബറിൽ. കേന്ദ്ര പെട്രോളിയം മന്ത്രിയുടെ സമയത്തിന് അനുസരിച്ചായിരിക്കും തീയതി നിശ്ചയിക്കുക. മുഖ്യമന്ത്രിയും ചടങ്ങിൽ പങ്കെടുക്കും.

നിർമാണം പൂർത്തീകരിച്ച പ്ലാന്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താൻ ട്രയൽ റൺ നടക്കുകയാണ്. പഞ്ചാബ് ആസ്ഥാനമായ സെന്റർ ഫോർ ഓൺട്രപ്രണർഷിപ്പ് ആൻഡ് ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് (സിഇഐഡി) എന്ന സ്ഥാപനത്തിനാണ് നടത്തിപ്പു കരാർ. കരാർ പ്രകാരം പ്ലാന്റിന്റെ കാലാവധി കണക്കാക്കുന്ന 25 വർഷം പ്ലാന്റിന്റെ നടത്തിപ്പും സംരക്ഷണവും സിഇഐഡി എന്ന സ്ഥാപനം നിർവഹിക്കണം.

ഈ കാലയളവിൽ പ്ലാന്റിന്റെ ഉടമസ്ഥർ ബിപിസിഎൽ ആയിരിക്കും. പിന്നീടിത് കോർപറേഷന് കൈമാറുകയോ 10 വർഷം കൂടി കരാർ നീട്ടി നൽകുകയോ ചെയ്യും.

സിബിജി പ്ലാന്റിന് ആവശ്യമായ രണ്ടു ബയോ ഡൈജസ്റ്ററുകളാണ് നിർമാണം പൂർത്തിയായിരിക്കുന്നത്. 18 മാസമാണ് നിർമാണ കാലാവധി പറഞ്ഞിരുന്നതെങ്കിലും ആറ് മാസം മുൻപേ നിർമാണം പൂർത്തീകരിച്ചു. ആദ്യം 75 ടൺ മാലിന്യം സംസ്കരിക്കും. പിന്നീട് ഘട്ടംഘട്ടമായി 150 ടൺവരെ ഉയർത്തും. 110 കോടിയാണ് എസ്റ്റിമേറ്റ് തുക. പ്ലാന്റ് നിർമാണം ഉൾപ്പെടെ ആദ്യഘട്ടത്തിനായി 81 കോടിയാണ് ചെലവ്. വർഷംതോറും 10 കോടി വരെ പ്രവർത്തനച്ചെലവായും കണക്കാക്കുന്നുണ്ട്.

150 ടൺ ഖരമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ളതാണ് പ്ലാന്റ്. ഇത്രയും മാലിന്യം സംസ്കരിക്കുന്നതിലൂടെ ആറു ടൺവരെ സിബിജിയും 25 ടൺ ജൈവവളവും ഉൽപ്പാദിപ്പിക്കാനാകും. ഇത് വിൽക്കുന്നതിലൂടെ വർഷം 14 കോടിയാണ് ബിപിസിഎൽ ലക്ഷ്യം വയ്ക്കുന്നത്. അവശേഷിക്കുന്ന 100 ടൺ മലിനജലം വളമാക്കി വിൽക്കാനാകുമോയെന്നും ബിപിസിഎൽ ആലോചിക്കുന്നുണ്ട്.

## ഉദ്യം അസിസ്റ്റ് രജിസ്ട്രേഷൻ അവതരിപ്പിച്ച് ഫോൺപേ

**കൊച്ചി:** ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോം വഴി ഉദ്യം ജനറേഷൻ ആരംഭിച്ചതായി ഫോൺപേ ഡൽഹിയിൽ നടന്ന ചടങ്ങിൽ പ്രഖ്യാപിച്ചു. കേന്ദ്ര മൈക്രോ, ചെറുകിട, ഇടത്തരം വ്യവസായ മന്ത്രി ജിതിൻ റാം മാഞ്ചി, സ്മോൾ ഇൻഡസ്ട്രിസ് ഡെവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ ചീഫ് ജനറൽ മാനേജർ വൈ.എം. കുമാരി എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വ്യാപാരികൾക്ക് ഡിജിറ്റൽ സംവിധാനം ഒരുക്കുന്ന ആദ്യത്തെ ഫിൻടെക് കമ്പനിയായി ഫോൺപേ മാറിയതായും കമ്പനി അധികൃതർ വ്യക്തമാക്കി.




## സോണി ഇന്ത്യ പുതിയ ഫുൾഫ്രെയിം എഫ്എക്സ്2 സിനിമാ ലൈൻ ക്യാമറ പുറത്തിറക്കി

**കൊച്ചി:** നെക്സ്റ്റ് ജെനറേഷൻ ക്രിയേറ്റർമാരെ ലക്ഷ്യമിട്ടുള്ള കോംപാക്റ്റ് ഫുൾഫ്രെയിം സിനിമാ ലൈൻ ഹൈബ്രിഡ് ക്യാമറയായ എഫ്എക്സ്2 ക്യാമറ പുറത്തിറക്കി സോണി ഇന്ത്യ.

സിനിമാപ്രവർത്തകർ, വിദ്യാർഥികൾ, സ്വതന്ത്ര വീഡിയോഗ്രാഫർമാർ, കണ്ടന്റ് ക്രിയേറ്റേഴ്സ് എന്നിവർക്ക് അവരുടെ അനുഭവ പരിചയമോ ക്രൂവിന്റെ വലുപ്പമോ നോക്കാതെ അവരുടെ ക്രിയേറ്റീവ് കാഴ്ച്ചപ്പാട് മെച്ചപ്പെടുത്താൻ സഹായിക്കുന്ന തരത്തിലാണ് നൂതന സിനിമാറ്റിക് സാങ്കേതികവിദ്യകളോടെ, എഫ്എക്സ്2 ക്യാമറ രൂപകൽപന ചെയ്തിരിക്കുന്നത്. ഉപയോക്താക്കൾക്ക് അവരുടെ പ്രോജക്റ്റിന്റെ വലുപ്പമോ സങ്കീർണതയോ പരിഗണിക്കാതെ അവരുടെ ക്രിയേറ്റീവ് സാധ്യതകൾ പുറത്തെടുക്കാൻ സാധിക്കുന്ന തരത്തിൽ, എഫ്എക്സ്2വിലെ അഡ്വാൻസ്ഡ് ഫീച്ചറുകളെ സോണിയുടെ പ്രശസ്തമായ കളർ സയൻസുമായി സമന്വയിപ്പിച്ചിട്ടുമുണ്ട്. 33 എംപി ഫുൾഫ്രെയിം ബാക്ക്ഇല്യൂമിനേറ്റഡ് സിഎംഒസി സെൻസർ, 15+ സ്റ്റോപ്പ് വൈഡ് ലാറ്റിറ്റിയൂഡ്, ഡ്യുവൽ ബേസ് ഐഎസ്ഒ (800/4000), 16 യൂസർ എൽയുടി, എസ് സിനിടോൺ ഫീച്ചർ, സ്ലോ ആൻഡ് ക്വിക്ക് മോഷൻ ഫീച്ചർ, 4:2:2 10ബിറ്റ് റെക്കോർഡിങ്, ലോഗ് ഷൂട്ടിങ് മോഡ്, പുതിയ ടിൽറ്റബിൾ 3.68എംഡോട്ട് ഇവിഎഫ് ഫീച്ചർ, ബിഗ്6 (ഹോം) സ്ക്രീൻ, ഓപ്ഷണൽ എക്സ്എൽആർ ഹാൻഡിൽ. മൾട്ടിആപ്ലിക്കേഷൻ സപ്പോർട്ട് തുടങ്ങിയവയാണ് എഫ്എക്സ്2 ക്യാമറയിലെ പ്രധാന ഫീച്ചറുകൾ. അടുത്ത തലമുറയിലെ ക്രിയേറ്റർമാർക്ക്, പ്രത്യേകിച്ച് വിദ്യാർഥികൾക്കും സോളോ ക്രിയേറ്റർമാർക്കും അവരുടെ ഏറ്റവും വലിയ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ എഫ്എക്സ്2 ഒരു വഴിത്തിരിവ് ആകാൻ പോകുകയാണെന്ന് സോണി ഇന്ത്യ ഇമേജിങ് ബിസിനസ് ഹെഡ് മുകേഷ് ശ്രീവാസ്തവ പറഞ്ഞു. ഒരു ക്യാമറ എന്നതിലുപരി, അവരുടെ സിനിമാറ്റിക് യാത്രയുടെ ഓരോ ഘട്ടത്തിലും അവർക്കൊപ്പം വളരാൻ രൂപകൽപന ചെയ്ത ഒരു ക്രിയേറ്റീവ് പങ്കാളിയാണ് എഫ്എക്സ്2 എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സോണി അംഗീകൃത റീട്ടെയിൽ ഔട്ട്ലെറ്റുകൾ, സോണി ക്യാമറ ലോഞ്ച്, ആൽഫ ഫ്ളാഗ്ഷിപ്പ്സ്റ്റോറുകൾ, സോണി സെന്റർ, www.ShopatSC.com പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, ഇകൊമേഴ്സ് വെബ്സൈറ്റുകൾ (ആമസോൺ, ഫ്ളിപ്പ്കാർട്ട്) എന്നിവിടങ്ങളിലൂടെ 2025 സെപ്തംബർ 11 മുതൽ എഫ്എക്സ്2 ഫുൾഫ്രെയിം സിനിമാ ലൈൻ ക്യാമറ ഇന്ത്യയിൽ ലഭ്യമാകും.

# സ്ത്രീകൾക്കായി പ്രത്യേക ക്ലിനിക് ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഇന്ന് ഉദ്ഘാടനം ചെയ്യും

**തിരുവനന്തപുരം:** രാജ്യത്ത് ആദ്യമായി സംസ്ഥാനത്തെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും (5415) സ്ത്രീ പ്രത്യേക ക്ലിനിക്കുകൾ ആരംഭിക്കുന്നു. ഈ ക്ലിനിക്കുകളുടെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 16ന് വൈകുന്നേരം 3 മണിക്ക് തിരുവനന്തപുരം പള്ളിത്തുറ ജനകീയ ആരോഗ്യ കേന്ദ്രത്തിൽ വച്ച് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ഉദ്ഘാടനത്തോട് അനുബന്ധിച്ച് ചൊവ്വാഴ്ച രാവിലെ 9 മണി മുതൽ പള്ളിത്തുറ ജനകീയാരോഗ്യ കേന്ദ്രത്തിൽ പ്രത്യേക സെഷ്യാലിറ്റി ക്യാമ്പ് സംഘടിപ്പിക്കുന്നു.

ഈ സർക്കാരിന്റെ കാലത്താണ് 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കിയത്. സമൂഹത്തിൽ രോഗാതുരത കുറയ്ക്കുന്നതിനും എല്ലാവർക്കും ആരോഗ്യം ഉറപ്പുവരുത്തുന്നതിനുമുള്ള അതിശക്തമായ ഇടപെടലുകളാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തുന്നത്. ഓരോ 5000 ജനസംഖ്യയേയും കേന്ദ്രീകരിച്ചാണ് ഗ്രാമനഗര തലങ്ങളിൽ ജനകീയ അരോഗ്യകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വീട്ടിന് തൊട്ടടുത്ത ആശുപത്രികളായി മാറിയിരിക്കുകയാണ്. പൊതുജനാരോഗ്യത്തിന്റെ നെടുംതൂണുകളായി മാറിയിരിക്കുന്ന ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമായി ക്ലിനിക്കുകൾ, അയൽക്കൂട്ട സ്ക്രീനിംഗ് ക്യാമ്പുകൾ, വിദഗ്ധ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ എന്നിവ ഒരുക്കുന്നതിനായാണ് സ്ത്രീ ക്ലിനിക്കുകൾ ആരംഭിക്കുന്നത്.

എല്ലാ ചൊവ്വാഴ്ചകളിലും സ്ത്രീകളുടെ ക്ലിനിക്ക് പ്രവർത്തിക്കും. വിളർച്ച, പ്രമേഹം, രക്താതിമർദം, കാൻസർ സ്ക്രീനിംഗ് തുടങ്ങിയവയും മറ്റ് ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്താനും ഈ ക്ലിനിക്കുകളിലൂടെ സാധിക്കുന്നു. അയൽക്കൂട്ടങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീകൾക്കായി പ്രത്യേക പരിശോധനകളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിദഗ്ധ പരിശോധനകളും ബോധവത്കരണവും ഈ ക്യാമ്പയിന്റെ ഭാഗമായി നടക്കും. പരമാവധി സ്ത്രീകൾ വെൽനസ് ക്ലിനിക്കുകളിൽ വന്ന് ആരോഗ്യ പരിശോധന നടത്തണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

# ആർ സി സി ന്യൂട്രാഫിൽ പ്രൈവറ്റ് ലിമിറ്റഡ് യൂണിറ്റിന് അങ്കമാലിയിൽ തറക്കല്ലിട്ടു

**കൊച്ചി:** ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് നിക്ഷേപ അവസരങ്ങൾക്ക് വഴിയൊരുക്കി വ്യവസായ രംഗത്ത് വൻ മുന്നേറ്റം സാധ്യമാക്കിയെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. അങ്കമാലിയിലെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ബിസിനസ് പാർക്കിൽ,

ആർ സി സി ന്യൂട്രാഫിൽ പ്രൈവറ്റ് ലിമിറ്റഡ് യൂണിറ്റിന്റെ തറക്കല്ലിടൽ കർമ്മം നിർവഹിക്കുകയായിരുന്നു മന്ത്രി.

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ പ്രഖ്യാപിച്ച സുപ്രധാന നിക്ഷേപങ്ങളിൽ ഒന്നാണിത്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ ഒപ്പുവെച്ചവയിൽ ഇതുവരെ 35,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കി. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വേഗത്തിൽ നിക്ഷേപ കരാറുകൾ നടപ്പിലാക്കപ്പെടുന്നു എന്നത് കേരളത്തിന്റെ ശക്തിയാണ്. അദാനി ഗ്രൂപ്പിന്റെ കളമശ്ശേരി ലോജിസ്റ്റിക്സ് പാർക്കിനും വിവിധ മേഖലകളിലെ ബില്യൺ ഡോളർ പദ്ധതികൾക്കും കേരളം വേദിയാകുകയാണ്. ആദ്യഘട്ട നിക്ഷേപങ്ങൾ വിജയകരമായി നടപ്പിലായാൽ കൂടുതൽ പദ്ധതികൾക്കും വൻതോതിൽ നിക്ഷേപങ്ങൾക്കും വാതിൽ തുറക്കുമെന്നും മന്ത്രി പറഞ്ഞു.

പുതിയ റിപ്പോർട്ടുകൾ പ്രകാരം കേരളത്തിൽ റിവേഴ്സ് മൈഗ്രേഷൻ 176 ശതമാനമായി വർദ്ധിച്ചിട്ടുണ്ടെന്നും 40000 ൽ അധികം പ്രൊഫഷണലുകൾ വിവിധ രാജ്യങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും തിരികെ കേരളത്തിലേക്ക് വന്നു കൊണ്ടിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. കേരളത്തിലെ സുരക്ഷിതവും സമ്പന്നവുമായ അന്തരീക്ഷമാണ് ഇതിന് കാരണമെന്നും അദ്ദേഹം സൂചിപ്പിച്ചു. ഫുഡ് പ്രൊസസിങ്ങ്, ലൈഫ് സയൻസ് മേഖലയിൽ വലിയ മുന്നേറ്റ സാധ്യതകൾക്ക് വഴിതുറന്നു കൊണ്ടാണ് ആർ സി സി ന്യൂട്രാഫിലിന്റെ യൂണിറ്റ് അങ്കമാലിയിൽ ആരംഭിക്കുന്നത്. ഇതിലൂടെ കേരളത്തിലേക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പുതിയ യൂണിറ്റിന്റെ നിർമ്മാണം പൂർത്തിയായി ആദ്യമാസങ്ങളിൽ തന്നെ നൂറിലധികം തൊഴിലവസരങ്ങൾ ഇവിടെ ലഭ്യമാകും.

ലൈഫ് സയൻസ്, ഫാസ്റ്റ് മൂവിങ്ങ് കൺസ്യൂമർ ഗുഡ്സ് വിഭാഗത്തിൽ ഉൾപ്പെടുന്ന ഉൽപന്നങ്ങളുടെ നിർമ്മാണത്തിനൊപ്പം കോൾഡ് സ്റ്റോറേജും സംഭരണ ശാലയും ആർ ആന്റ് ഡി സൗകര്യവുമെല്ലാം ഉൾക്കൊള്ളുന്നതായിരിക്കും പുതിയ യൂണിറ്റ് . ഇറ്റലി, ജർമ്മനി എന്നീ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത മെഷിനറികൾ ഉപയോഗപ്പെടുത്തി അത്യാധുനിക സൗകര്യങ്ങളോടെ ദീർഘകാലം ഈടുനിൽക്കുന്ന ഉൽപന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന രീതിയിലായിരിക്കും യൂണിറ്റിലെ സജ്ജീകരണങ്ങൾ.

രാജ്യത്ത് കോവിഡ് വാക്സിൻ വികസിപ്പിച്ചെടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ച ഡോ. കൃഷ്ണ എല്ലയുടെ പുതിയ സംരംഭമാണ് ആർ സി സി ന്യൂട്രാഫിൽ പ്രൈവറ്റ് ലിമിറ്റഡ്.

ചടങ്ങിൽ റോജി എം ജോൺ എം എൽ എ അധ്യക്ഷനായി. ജില്ലാ കളക്ടർ ജി പ്രിയങ്ക, ഭാരത് ബയോടെക് ഇന്റർനാഷണൽ എക്സിക്യൂട്ടീവ് ഡയറക്ടർ സായി പ്രസാദ് ദേവരാജലു, ഇന്നൊവേറ്റീവ് ഇൻഫ്രാ ആൻഡ് മൈനിംഗ് സൊല്യൂഷൻസ് ഹ്യൂമൻ റിസോഴ്സസ് മേധാവി വിനോദ് കൃഷ്ണ, അങ്കമാലി നഗരസഭ ചെയർമാൻ അഡ്വ. ഷിയോ പോൾ, വാർഡ് കൗൺസിലർ അജിത തുടങ്ങിയവർ ചടങ്ങിന്റെ ഭാഗമായി.

# ഹീമോഫീലിയ ബാധിതയായ സ്ത്രീക്ക് രാജ്യത്ത് ആദ്യമായി എമിസിസുമാബ് പ്രൊഫൈലാക്സിസ് നൽകി കേരളം

**തിരുവനന്തപുരം:** കേരളത്തിൽ ഹീമോഫീലിയ ചികിത്സയിൽ സുപ്രധാന നാഴികകല്ല് പിന്നിട്ട് കേരളം. ഹീമോഫീലിയ ബാധിതയായ ഒരു സ്ത്രീക്ക് രാജ്യത്ത് തന്നെ ആദ്യമായി എമിസിസുമാബ് പ്രൊഫൈലാക്സിസ് ചികിത്സ നൽകി. തൃശൂർ നിന്നുള്ള 32 വയസുകാരിയ്ക്കാണ് തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സ നൽകിയത്. തൃശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ സംഘത്തിന്റെ മേൽനോട്ടത്തിലാണ് ചികിത്സ ആരംഭിച്ചത്.

ഹീമോഫീലിയ ചികിത്സയിൽ കേരളം വലിയ മുന്നേറ്റമാണ് നടത്തിയതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഹീമോഫീലിയ ചികിത്സയിൽ രക്തസ്രാവം തടയുന്ന നൂതന ചികിത്സയായ എമിസിസുമാബ് പ്രൊഫൈലാക്സിസ് രാജ്യത്ത് ആദ്യമായി കേരളം ആരംഭിച്ചിരുന്നു. ഹീമോഫീലിയ രോഗികളിൽ ഇത് വിസ്മയകരമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. രാജ്യത്ത് ആദ്യമായി സ്ത്രീകളിലെ രക്തസ്രാവം ചികിത്സിക്കുന്നതിനുള്ള മാർഗരേഖ തയ്യാറാക്കിയതും 2025ൽ കേരളമാണ്. സ്ത്രീ ക്ലിനിക്കുകൾ വഴി സ്ത്രീകളിലെ അമിത രക്തസ്രാവം നേരത്തെ കണ്ടെത്തി ചികിത്സിക്കാൻ പ്രത്യേക പരിപാടിയും സർക്കാർ തയാറാക്കി വരികയാണെന്നും മന്ത്രി പറഞ്ഞു. രക്തത്തിലെ ക്ലോട്ടിംഗ് ഫാക്ടറുകളുടെ അഭാവം മൂലം ഉണ്ടാകുന്ന ഒരു പാരമ്പര്യ ജനിതക രോഗമാണ് ഹീമോഫീലിയ.

അനിയന്ത്രിതമായ രക്തസ്രാവമാണ് ഇതിന്റെ പ്രധാന ലക്ഷണം. മനുഷ്യ ശരീരത്തിലെ ക്രോമോസോമിലുണ്ടാകുന്ന ജനിതക തകരാറ് കാരണം ഉണ്ടാകുന്ന രോഗമായതിനാൽ ഇത് സാധാരണയായി എല്ലായ്പ്പോഴും പുരുഷന്മാരെയാണ് ബാധിക്കുന്നത്. സ്ത്രീകൾ ഇതിന്റെ വാഹകർ മാത്രമാണ്. സ്ത്രീക്ക് ഹീമോഫീലിയ രോഗം ഉണ്ടാകുന്നത് അപൂർവങ്ങളിൽ അപൂർവമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. സിവിയർ ഹീമോഫീലിയ രോഗികളിൽ മാത്രം കണ്ടുവരുന്ന ഗുരുതരമായ അവസ്ഥയായായ ഫാക്ടർ ലെവൽ ഒരു ശതമാനത്തിൽ താഴെയായിരുന്നു ഈ രോഗിക്ക് ഉണ്ടായിരുന്നത്.

ആരംഭത്തിൽ വോൺ വില്ലിബ്രാൻഡ് രോഗമാണെന്ന് കരുതിയാണ് ചികിത്സിച്ചിരുന്നത്. പലതവണയുള്ള രക്ത പരിശോധനയ്ക്ക് ശേഷമാണ് ഇത് ഹീമോഫീലിയ രോഗം ആണെന്ന് കൃത്യമായി കണ്ടെത്തിയത്. അനിയന്ത്രിതമായ രക്തസ്രാവം കാരണം അവരുടെ അണ്ഡാശയവും ഗർഭപാത്രവും നീക്കം ചെയ്യേണ്ടതായി വന്നു. കൂടാതെ ദീർഘകാലമായി ഹോർമോൺ ചികിത്സയിലുമാണ്. ആവർത്തിച്ചുള്ള രക്തസ്രാവവും സങ്കീർണമായ സന്ധി വൈകല്യങ്ങളും കാരണം കഠിനമായ വേദനയാണ് ഇവർക്ക് അനുഭവിക്കേണ്ടി വന്നത്. അതിൽ നിന്നാണ് ഇപ്പോൾ മോചനമായിരിക്കുന്നത്.

# ഫാം ഫെസ്റ്റ് സെപ്റ്റംബർ 17 മുതൽ പെരിങ്ങമ്മലയിൽ

**തിരുവനന്തപുരം:** ജില്ലാ പഞ്ചായത്തിന്റെയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ 17, 18, 19 തീയതികളിൽ പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ ഫാം ഫെസ്റ്റ് ഫാം ഫ്യൂഷൻ 25 സംഘടിപ്പിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി.സുരേഷ്കുമാർ അറിയിച്ചു.

ജില്ലാ പഞ്ചായത്തിന് കീഴിലുള്ള എല്ലാ ഫാമുകളും പങ്കെടുക്കുന്ന ഫെസ്റ്റ് സെപ്റ്റംബർ 17ന് രാവിലെ 11മണിക്ക് ഡി.കെ മുരളി എംഎൽഎ ഉദ്ഘാടനം ചെയ്യും.

ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, ഫാം കൗൺസിൽ അംഗങ്ങൾ, കർഷക പ്രതിനിധികൾ, വനശ്രീ, കർഷകക്കൂട്ടങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

കാർഷിക മേഖലയിലെ നൂതനസാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനായി വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി സെമിനാറുകൾ, പ്രദർശന വിപണന സ്റ്റാളുകൾ, ഫാം വിസിറ്റ്, കലാപരിപാടികൾ, കൃഷി അധിഷ്ഠിത വിനോദ വിജ്ഞാന മത്സരങ്ങൾ, നാടൻ ഭക്ഷ്യമേള, സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ സേവന സ്റ്റാളുകൾ എന്നിവ സജ്ജീകരിക്കും. ചെറുകിട കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ നേതൃത്വത്തിൽ ഫാം ഫെസ്റ്റിൽ ചെയ്തുകൊടുക്കുന്നതാണ്.

സെപ്റ്റംബർ 17ന് രാവിലെ 11.30ന് കാലാവസ്ഥാനുസൃത കൃഷി എന്ന വിഷയത്തിൽ കാർഷിക സെമിനാർ നടത്തും. ഉച്ചതിരിഞ്ഞ് 2.30ന് സ്കൂൾ കുട്ടികൾക്കായി കാർഷിക ക്വിസ് മത്സരം സംഘടിപ്പിക്കും. 18ന് രാവിലെ 10.30ന് നടക്കുന്ന കാർഷിക സെമിനാർ കാർഷികവികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം ചെയ്യും. കീടനാശിനി സുരക്ഷിത ഉപയോഗം എന്ന വിഷയത്തിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്. തുടർന്ന് ഉച്ചതിരിഞ്ഞ് 2.30ന് കലാകായിക മത്സരങ്ങൾ നടത്തും.

സെപ്റ്റംബർ 19ന് രാവിലെ 10.30ന് സംയോജിത രോഗനിയന്ത്രണം പച്ചക്കറി വിളകളിൽ എന്ന വിഷയത്തിൽ സെമിനാർ നടത്തും. തുടർന്ന് വിവിധ കലാപരിപാടികൾ അരങ്ങേറും.

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ എല്ലാ ഫാമുകളും ലാഭകരമായി പ്രവർത്തിക്കുന്നുവെന്നും ഫാം ഫെസ്റ്റ് ജില്ലയിലെ ഫാമുകൾക്ക് പുത്തൻ ഉണർവ് നൽകുമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.

ജില്ലാ പഞ്ചായത്ത് കാര്യാലയത്തിൽ നടന്ന വാർത്താസമ്മേളനത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഷീന എസ്.എൽ പങ്കെടുത്തു.

# ആർട്ടിസ്റ്റ് നമ്പൂതിരിയുടെ രേഖാചിത്രങ്ങൾ സാംസ്കാരിക വകുപ്പിന് കൈമാറി

**തിരുവനന്തപുരം:** പ്രശസ്ത ചിത്രകാരൻ ആർട്ടിസ്റ്റ് നമ്പൂതിരിയുടെ രേഖാചിത്രങ്ങളുടെ ഒറിജിനലുകൾ കേരള സർക്കാരിന് കൈമാറി. ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റാണ് ചിത്രങ്ങൾ സാംസ്കാരിക വകുപ്പിന് കൈമാറിയത്. തിരുവനന്തപുരത്തെ നിയമസഭാ സമുച്ചയത്തിലെ മീഡിയ റൂമിൽ നടന്ന ചടങ്ങിൽ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ചിത്രങ്ങൾ ഏറ്റുവാങ്ങി.

കൈമാറിയ ചിത്രങ്ങൾ കേരളത്തിലെ വിവിധയിടങ്ങളിൽ കേരള ലളിതകലാ അക്കാദമി പ്രദർശിപ്പിക്കും. സാംസ്കാരിക വകുപ്പ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ദിവ്യ എസ്. അയ്യർ, കേരള ലളിതകലാ അക്കാദമി ചെയർപേഴ്സൺ മുരളി ചീരോത്ത്, സെക്രട്ടറി എ. ബി. എൻ ജോസഫ്, നമ്പൂതിരി സമ്മാൻ ട്രസ്റ്റ് മാനേജിങ് ട്രസ്റ്റി ബാബു ജോസഫ്, ട്രസ്റ്റ് അംഗങ്ങളായ വാസുദേവൻ, കാർട്ടൂണിസ്റ്റ് സുധീർനാഥ്, ബിനുരാജ് കലാപീഠം എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

നമ്പൂതിരിയുടെ ജന്മസ്ഥലമായ പൊന്നാനി നടുവട്ടം കരുവാട്ട്മനയിൽ വെച്ചാണ് ശതാബ്ദി ആഘോഷങ്ങൾക്ക് തുടക്കമായത്. എത്രയും ചിത്രം ചിത്രം എന്ന് പേരിട്ടിട്ടുള്ള ഒരു വർഷം നീണ്ടുനിൽക്കുന്ന ഈ പരിപാടി ദി ആർട്ടിസ്റ്റ് നമ്പൂതിരി സമ്മാൻ ട്രസ്റ്റും കേരള ലളിതകലാ അക്കാദമിയും സംയുക്തമായാണ് സംഘടിപ്പിക്കുന്നത്.

# ലോകായുക്ത സിറ്റിങ്

**തിരുവനന്തപുരം:** കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിങ് നടത്തും. കണ്ണൂരിൽ സെപ്റ്റംബർ 23നു രാവിലെ 10.30 ന് പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിലും കോഴിക്കോട് 24നു രാവിലെ 10.30 ന് പി.ഡബ്ല്യു.ഡി റെസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിലുമാണ് സിറ്റിങ്. ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാർ, ഉപലോകായുക്ത ജസ്റ്റിസ് വി. ഷെർസി എന്നിവർ പരാതികൾ പരിഗണിക്കും. സിറ്റിങ് ദിവസങ്ങളിൽ നിശ്ചിത ഫോമിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# 'മാതൃസ്പർശം': കുട്ടികൾക്ക് സൗജന്യ കാർഡിയോളജി മെഗാ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് അമൃത ആശുപത്രി

**കൊച്ചി:** മാതാ അമൃതാനന്ദമയിയുടെ 72ാം ജന്മദിനാഘോഷമായ അമൃതവർഷം എഴുപത്തിരണ്ടിന്റെയും കൊച്ചി അമൃത ആശുപത്രി പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികാഘോഷങ്ങളുടെയും ഭാഗമായി, കൊച്ചി അമൃത ആശുപത്രി 'മാതൃസ്പർശം ' സൗജന്യ പീഡിയാട്രിക് കാർഡിയോളജി മെഗാ ക്യാമ്പ് സംഘടിപ്പിച്ചു.

ക്യാമ്പിന്റെ ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ നിർവഹിച്ചു. മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി അനുഗ്രഹ പ്രഭാഷണം നടത്തിയ ചടങ്ങിൽ ഒഡിഷ ആരോഗ്യ സർവകലാശാല വൈസ് ചാൻസിലർ മനാഷ് രഞ്ജൻ സാഹു, കൊച്ചിൻ ഷിപ്യാർഡ് ലിമിറ്റഡ് അസിസ്റ്റന്റ് ജനറൽ മാനേജർ ബിന്ദു കൃഷ്ണ, കൊച്ചി അമൃത ആശുപത്രി പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ. ആർ. കൃഷ്ണകുമാർ, ക്ലിനിക്കൽ പ്രൊഫസർ ഡോ. പി.കെ ബ്രിജേഷ്, സീനിയർ മെഡിക്കൽ അഡ്മിനിസ്ട്രേറ്റർ ഡോ. പ്രതാപൻ നായർ തുടങ്ങിയവർ പങ്കെടുത്തു.

ഡോക്ടർമാരുടെയും നഴ്സുമാരുടെയും പ്രവർത്തനങ്ങളിൽ ആർദ്രതയും കാരുണ്യവും ഉണ്ടാകണം. സേവനം ചെയ്യാനുള്ള അവസരം പാഴാക്കുന്നത് ആണ് ഏറ്റവും വലിയ നഷ്ടം. എൺപത് വയസിൽ മരിക്കേണ്ടവർ നാൽപതാം വയസ്സിൽ മരിക്കുന്ന സാഹചര്യം കണ്ടാണ് ഈ ആതുരാലയം ആരംഭിച്ചതെന്നും മാതാ അമൃതാനന്ദമയി വീഡിയോ സന്ദേശത്തിൽ പറഞ്ഞു. അമൃത ആശുപത്രിയിലെ 25 വർഷത്തെ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ നേട്ടങ്ങളും ചടങ്ങിൽ അവതരിപ്പിച്ചു. അമൃത ആശുപത്രിയും ഒഡിഷ ആരോഗ്യ സർവകലാശാലയും തമ്മിലുള്ള ധാരണാപത്രവും ചടങ്ങിൽ വെച്ച് കൈമാറി. അമൃതയുമായുള്ള ധാരണാപത്രം വഴി പീഡിയാട്രിക് കാർഡിയോളജി മേഖലയിൽ ഗവേഷണം, പരിശീലനം, ചികിത്സാ വിപുലീകരണം എന്നിവയ്ക്കുള്ള വഴി തുറക്കുമെന്ന് ഒഡിഷ ആരോഗ്യ സർവകലാശാല വൈസ് ചാൻസിലർ മനാഷ് രഞ്ജൻ സാഹു അഭിപ്രായപ്പെട്ടു.

കേരളത്തിന് പുറമെ തമിഴ്നാട്, കർണാടക, ആന്ധ്ര പ്രദേശ്, ബിഹാർ, ജമ്മു തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള അഞ്ഞൂറോളം കുട്ടികളും അവരുടെ കുടുംബങ്ങളും ക്യാമ്പിൽ പങ്കെടുത്തു.

പതിനെട്ടു വയസ്സിൽ താഴെയുള്ള കുട്ടികളുടെ ഹൃദയരോഗങ്ങളുടെ ആദ്യഘട്ട പരിശോധനയും ചികിത്സാ മാർഗ്ഗനിർദ്ദേശവും സൗജന്യമായി ലഭ്യമാക്കി. തെരഞ്ഞെടുത്ത കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയ സൗജന്യമായി നടത്തും.

സാമ്പത്തിക ശേഷിയില്ലാത്ത കുടുംബങ്ങൾക്കും കുട്ടികൾക്കും ഹൃദയ ശസ്ത്രക്രിയയും പരിശോധനയും ലഭ്യമാക്കുകയാണ് ക്യാമ്പിന്റെ പ്രധാന ലക്ഷ്യം.



# ഫാർമസ്യൂട്ടിക്കൽ രംഗത്തെ തൊഴിലവസരങ്ങൾ; അമൃതയിൽ ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

**കൊച്ചി:** ഫാർമസ്യൂട്ടിക്കൽ വ്യവസായ രംഗത്ത് വർദ്ധിച്ചുവരുന്ന തൊഴിൽ സാധ്യതകളെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൊച്ചി അമൃത വിശ്വ വിദ്യാപീഠം പൂർവ വിദ്യാർത്ഥി കൂട്ടായ്മ ശിൽപ്പശാല സംഘടിപ്പിച്ചത്. കൊച്ചി ക്യാമ്പസ് പൂർവവിദ്യാർഥി കൂട്ടായ്മ ചീഫ് കോഡിനേറ്റർ ഡോ. പി. ജി നായരുടെ നേതൃത്വത്തിൽ അമൃത ആശുപത്രിയിൽ വച്ച് നടന്ന ചടങ്ങിൽ അമൃത ഹോസ്പിറ്റൽ ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ അധ്യക്ഷത വഹിച്ചു. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. കെ. പി ഗിരീഷ് കുമാർ ചടങ്ങിൽ പങ്കെടുത്തു. അമൃതയിലെ ഫാർമക്കോളജി വിഭാഗം പൂർവ്വ വിദ്യാർഥിനിയും അമേരിക്കൻ ബയോ ഫാർമസ്യൂട്ടിക്കൽ കമ്പനിയായ ബ്രിസ്റ്റോൾ മെയേഴ്സ് സ്ക്വിബ്ബിലെ കാർഡിയോ വാസ്കുലാർ മെഡിക്കൽ സയൻസ് ലൈസണുമായ ഡോ. ജെ. ലക്ഷ്മി ശിൽപ്പശാലയിൽ മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യപ്രവർത്തനരംഗത്തും അനുബന്ധ മേഖലകളിലും വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ മുൻനിർത്തിയാണ് വൈറ്റ് കോട്ട്സ് ടു ബോർഡ് റൂംസ് എന്ന സന്ദേശം നൽകി ശിൽപ്പശാല സംഘടിപ്പിച്ചത്. ഇന്ത്യയ്ക്കകത്തും പുറത്തും ഒരുപോലെ ഇത്തരം തൊഴിലവസരങ്ങൾ വർദ്ധിച്ചുവരുന്നതായും ഡോ. ജെ. ലക്ഷ്മി ശിൽപ്പശാലയിൽ പങ്കെടുത്ത വിദ്യാർത്ഥികളെ ഓർമിപ്പിച്ചു. അലുംനി മാഗസിൻ ഒമ്പതാം പതിപ്പിന്റെ പ്രകാശനവും ചടങ്ങിൽ വച്ച് ഡോ. പ്രേം നായർ നിർവഹിച്ചു.

# മഹാരാജാസ് കോളേജ് ഹോക്കി ഗ്രൗണ്ട്: ഡ്രെയിനേജ് നിർമ്മാണത്തിന് ഭരണാനുമതി

**കൊച്ചി:** മഹാരാജാസ് കോളേജ് ഹോക്കി ഗ്രൗണ്ടിലെ ഡ്രെയിനേജ് നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചതായി ടി.ജെ വിനോദ് എംഎൽഎ അറിയിച്ചു. മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹോക്കി ടർഫ് നിർമ്മിച്ചിട്ടുണ്ടെങ്കിലും, ടർഫ് സ്ഥിതി ചെയ്യുന്ന ഭൂപ്രദേശം ഉയർന്ന നിലയിലാണ്. ഇതിന്റെ പശ്ചാത്തലത്തിൽ, ടർഫിനോട് ചേർന്നുള്ള പടിഞ്ഞാറ് ഭാഗവും കോളേജ് ഹോസ്റ്റലും ഉൾപ്പെടുന്ന പ്രദേശവും പലപ്പോഴും വെള്ളക്കെട്ടിലാകുന്ന അവസ്ഥ തുടരുകയാണ്. ഇത് പരിഹരിക്കാതെ ഹോക്കി കളിക്കുവാൻവേണ്ടി ടർഫ് തുറന്നുകൊടുത്താൽ കളിക്കാർ വളരെയധികം ബുദ്ധിമുട്ട് നേരിടുമെന്ന് എം.എൽ.എ വിനോദ് പറഞ്ഞു. സമീപത്തുള്ള മറ്റ് ഓഫീസുകൾക്കും വലിയ തോതിൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഡ്രെയിനേജ് നിർമ്മാണം മാത്രമാണെന്ന് ടി. ജെ. വിനോദ് എം.എൽ.എ അറിയിച്ചു. അടിയന്തര സാഹചര്യം പരിഗണിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയ 43.78 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിച്ചതായി എം.എൽ.എ അറിയിച്ചു.



# ഭിന്നശേഷിക്കാരായ കുട്ടികൾക്ക് നീന്തൽ പരിശീലനം ഒരുക്കി മണപ്പുറം ഫൗണ്ടേഷൻ

**വലപ്പാട്:** ദർശന സർവീസ് സൊസൈറ്റിയുടെ കീഴിൽ പരിശീലനം നേടിയ ഭിന്നശേഷിക്കാരായ 15 കുട്ടികൾക്ക് സംസ്ഥാനതല നീന്തൽ മത്സരത്തിന് മുന്നോടിയായി മണപ്പുറം സ്വിമ്മിംഗ് അക്കാദമിയിൽ 10 ദിവസത്തെ തീവ്ര പരിശീലനം ഒരുക്കി മണപ്പുറം ഫൗണ്ടേഷൻ. അമേരിക്കൻ സ്വിമ്മിങ് കോച്ച്സ് അസോസിയേഷൻ അംഗവും ലെവൽ വൺ കോച്ചുമായ എസ്. ശരത് കുമാർ ആണ് പരിശീലനം നൽകുന്നത്. മണപ്പുറം ഫൗണ്ടേഷൻ സി.ഇ.ഒ ജോർജ് ഡി. ദാസ് ഉദ്ഘാടനം നിർവഹിച്ചു. ദർശന സർവീസ് സൊസൈറ്റിയുടെ സ്ഥാപകനും പ്രസിഡന്റുമായ ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ, മണപ്പുറം ഫൗണ്ടേഷൻ സി. എസ്. ആർ ഹെഡ് ശിൽപ ട്രീസ സെബാസ്റ്റ്യൻ സംസാരിച്ചു. സെപ്റ്റംബർ 13ന് തൃശൂർ കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള നീന്തൽ കുളത്തിൽ നടക്കാനിരിക്കുന്ന സംസ്ഥാനതല മത്സരം സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫറന്റ്ലി ഏബിൾഡ് ഓഫ് കേരള ആണ് സംഘടിപ്പിക്കുന്നത്. കഴിഞ്ഞ 7 വർഷമായി ഭിന്നശേഷിക്കാർക്കായി കല, കായികം, വിദ്യാഭ്യാസം, സ്വയംതൊഴിൽ, വീട് എന്നിവയെ അടിസ്ഥാനമാക്കി സാമൂഹ്യപദ്ധതികൾ നടപ്പിലാക്കിവരുന്ന സംഘടനയാണ് ദർശന സർവീസ് സൊസൈറ്റി. മണപ്പുറം സ്വിമ്മിംഗ് അക്കാദമിയിൽ ദിവസേന 3 മണിക്കൂർ വീതമുള്ള നൂതന പരിശീലനം 10 ദിവസത്തേക്കാണ് ഒരുക്കിയിരിക്കുന്നത്. സെപ്റ്റംബർ 12ന് പരിശീലനം പൂർത്തിയാക്കും.

# വാട്ടർ മെട്രോ പൂക്കള മൽസരം: പള്ളുരുത്തി റെഡ് സൺ ടീം ജേതാക്കൾ



**കൊച്ചി:** വാട്ടർമെട്രോ വൈറ്റില ടെർമിനലിൽ സംഘടിപ്പിച്ച പൂക്കള മൽസരത്തിൽ പള്ളുരുത്തി റെഡ് സൺ ടീം ഒന്നാം സ്ഥാനവും (50,000 രൂപ), വരാപ്പുഴ മഴവിൽ ടീം രണ്ടാം സ്ഥാനവും (25000 രൂപ), വടക്കൻ പറവൂർ ഫ്ളോറ ടീം മൂന്നാം സ്ഥാനവും (15,000 രൂപ) നേടി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്ന് 26 ടീമുകൾ പൂക്കള മത്സരത്തിൽ പങ്കെടുത്തു. ഏഴ് ടീമുകൾ പ്രോത്സാഹന സമ്മാനത്തിനും (5000 രൂപ വീതം), 16 ടീമുകൾ സ്പെഷ്യൽ ക്യാഷ് അവാർഡുകൾക്കും (2000 രൂപ വീതം) അർഹമായി. വാട്ടർമെട്രോ ഓണാഘോഷത്തോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. കൊച്ചി മെട്രോ ഡയറക്ടർമാരായ ഡോ. എം.പി രാംനവാസ്, സഞ്ജയ് കുമാർ, വാട്ടർ മെട്രോ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സാജൻ പി. ജോൺ, ചുങ്കത്ത് ജൂവൽറി മാനേജിംഗ് ഡയറക്ടർ രാജീവ് പോൾചുങ്കത്ത്, കൊച്ചി പാരമ്പര്യ ട്രസ്റ്റ് മാനേജിംഗ് ട്രസ്റ്റി എം.പി ലോക് നാഥ്, വൈസ് ചെയർമാൻ കെ. ജെ സോഹൻ, ട്രഷറർ ജോസി, കലാ, സാംസ്കാരിക പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.



# എയിംസിന് വീണ്ടും പ്രതീക്ഷ; മാവേലിക്കര താലൂക്കിൽ അനുയോജ്യമായ മൂന്നു സ്ഥലങ്ങൾ

**ചാരുംമൂട്:** ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എയിംസ് ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കുന്നതിനു മുൻഗണന നൽകുമെന്ന കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ പ്രഖ്യാപനത്തെത്തുടർന്ന് വീണ്ടും എയിംസിനായി പ്രതീക്ഷ കൈവന്നു. സംസ്ഥാന സർക്കാർ സ്ഥലം നൽകിയാൽ എയിംസ് ജില്ലയിൽത്തന്നെ സ്ഥാപിക്കുമെന്നാണ് കേന്ദ്രമന്ത്രി പറഞ്ഞത്. ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളുടെ അതിർത്തിപ്രദേശമായ മാവേലിക്കര താലൂക്കിലെ ചാരുംമൂട് മേഖലയിൽ സർക്കാർ ഉടമസ്ഥതയിലുള്ള മൂന്നു സ്ഥലങ്ങൾ അനുയോജ്യമായിട്ടുണ്ട്.

കൊല്ലംതേനി ദേശീയപാതയുടെയും കായംകുളം-പുനലൂർ സംസ്ഥാന പാതയുടെയും സംഗമസ്ഥലമായതിനാൽ മെച്ചപ്പെട്ട യാത്രാസൗകര്യവുമുണ്ട്. നൂറനാട് ലെപ്രസി സാനിട്ടോറിയം, നൂറനാട് മറ്റപ്പള്ളിയിലെ ഫയറിംഗ് പരിശീലനകേന്ദ്രം, തഴക്കര കോട്ടമുക്കിലെ ജില്ലാ കൃഷിത്തോട്ടം എന്നിവ എയിംസിന് അനുയോജ്യമാണ്. കേന്ദ്രസർക്കാർ ആവശ്യപ്പെട്ടാൽ ഈ സ്ഥലങ്ങൾ നിർദേശിക്കുമെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി പറഞ്ഞു.

കെ.പി റോഡിന്റെ സമീപത്തുള്ള നൂറനാട് ലെപ്രസി സാനിട്ടോറിയം ആരോഗ്യവകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. നൂറേക്കറിലേറെ വിസ്തൃതിയുള്ള സാനിട്ടോറിയം വളപ്പിൽ അമ്പത് ഏക്കർ സ്ഥലത്ത് ഇൻഡോ ടിബറ്റൻ ബോർഡർ പോലീസ് ഐടിബിപി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള കുറെ സ്ഥലത്ത് നൂറിൽപ്പരം കുഷ്ഠരോഗബാധിതർ താമസിക്കുന്നു. പൊതുജനങ്ങൾക്കായുള്ള ഒപി യൂണിറ്റ് ആശുപത്രിയും നേഴ്സിംഗ് കോളജും സാനിട്ടോറിയം വളപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള സ്ഥലം എയിംസിനായി പ്രയോജനപ്പെടുത്താൻ കഴിയും.

നൂറനാട് മറ്റപ്പള്ളിയിലെ പത്തേക്കർ സ്ഥലം ആഭ്യന്തരവകുപ്പിന്റെ കീഴിലാണ്. പോലീസുകാർക്ക് ഫയറിംഗ് പരിശീലനം നൽകുന്നതിനായി 1957ൽ വാങ്ങിയതാണ്. പിന്നീട് പരിശീലനം നിലച്ചു. 2014ൽ രമേശ് ചെന്നിത്തല ആഭ്യന്തര മന്ത്രിയായിരുന്നപ്പോൾ തണ്ടർബോൾട്ട് കമാൻഡോ പരിശീലനകേന്ദ്രം തുടങ്ങാൻ തീരുമാനിച്ചിരുന്നു. ഇതിനായി തറക്കല്ലുമിട്ടു. ചെറിയൊരു കെട്ടിടം പണിതതല്ലാതെ പിന്നീട് നിർമാണ പ്രവർത്തനങ്ങളൊന്നും നടന്നില്ല. അലക്സാണ്ടർ ജേക്കബ് ജയിൽ മേധാവിയായിരുന്നപ്പോൾ ജയിൽ ആശുപത്രി തുടങ്ങാൻ പദ്ധതിയിട്ടു. മാലിന്യസംസ്കരണകേന്ദ്രം തുടങ്ങാനുള്ള നീക്കം ജനങ്ങളുടെ എതിർപ്പിനെത്തുടർന്ന് നടന്നില്ല. കാടുപിടിച്ചു കിടക്കുന്ന സ്ഥലം ഇപ്പോൾ കാട്ടുപന്നികളുടെ താവളമായി മാറിയിരിക്കുകയാണ്.

ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ കീഴിലാണ് തഴക്കര കോട്ടമുക്കിലെ നൂറേക്കർ ജില്ലാ കൃഷിത്തോട്ടം. ഇതിൽ കുറെ സ്ഥലം ഹോർട്ടികോർപ്പിന് തേനീച്ചവളർത്തൽ കേന്ദ്രത്തിനായി നൽകി.

ഇവിടെ ഇഎസ്ഐ, മെഡിക്കൽ കോളജ് സ്ഥാപിക്കാൻ കേന്ദ്ര മന്ത്രിയായിരിക്കുമ്പോൾ കൊടിക്കുന്നിൽ സുരേഷ് എം.പി ശ്രമിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് സ്ഥലം വിട്ടുനൽകാൻ തയാറാകാത്തതിനെത്തുടർന്ന് പദ്ധതി നടന്നില്ല. ഇവിടെ പല പദ്ധതികളും പ്രഖ്യാപിച്ചെങ്കിലും അതെല്ലാം പ്രഖ്യാപനത്തിൽ ഒതുങ്ങി.

# റെയിൽവേ ജംഗ്ഷൻ ഫ്ളൈഓവർ: കരാർ ഊരാളുങ്കൽ സൊസൈറ്റിക്ക്

**ചങ്ങനാശേരി:** ചങ്ങനാശേരി ബൈപാസിലെ റെയിൽവേ ജംഗ്ഷൻ ഫ്ളൈഓവർ നിർമാണത്തിനു പച്ചക്കൊടി. ഒക്ടോബർ മധ്യത്തോടെ നിർമാണ ജോലികൾ തുടങ്ങാൻ തീരുമാനം. 85.68 കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചിരിക്കുന്നത്. പദ്ധതിയുടെ നിർമാണ ജോലികൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റി ഏറ്റെടുത്തു.

നിർമാണം നടക്കുന്ന പ്രദേശത്തെ 142 പാഴ്മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള നടപടികൾക്കായി ഈയാഴ്ച ട്രീ കമ്മിറ്റി യോഗം ചേരും. നേരത്തേ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം 62.11 കോടി രൂപയായിരുന്നു പദ്ധതി ചെലവ്. ഡിഎസ്ആർ, ചരക്ക് സേവന നികുതി, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, സ്പാനുകളുടെ സാങ്കേതിക വ്യതിയാനം തുടങ്ങിയ കാരണങ്ങളാലാണ് പദ്ധതി ച്ചെലവ് 62.11 കോടി രൂപയിൽനിന്ന് 85.68 കോടി രൂപയായി ഉയർത്തിയത്.

ജോബ് മൈക്കിൾ എം.എൽ.എയുടെ ഇടപെടലിലാണ് അടങ്കൽ തുക പുതുക്കി ഉത്തരവായത്. കിഫ്ബിയിൽ നിന്നാണ് പദ്ധതിക്കുള്ള തുക അനുവദിച്ചത്.



ഫ്ളൈഓവർ നിർമാണത്തിലൂടെ ചങ്ങനാശേരി ബൈപാസും ചങ്ങനാശേരിവാഴൂർ റോഡും സംഗമിക്കുന്ന റെയിൽവേ ജംഗ്ഷനിലെ വാഹനത്തിരക്കും ഗതാഗത തടസങ്ങളും പരിഹരിക്കപ്പെടും. എൻ.എച്ച് 183 (എം.സി റോഡിൽ) ളായിക്കാട് ജംഗ്ഷനിലാരംഭിച്ച് എസ്.എച്ച് ജംഗ്ഷൻ, റെയിൽവേസ്റ്റേഷൻ, മോർക്കുളങ്ങര വഴി എൻ.എച്ച് 183 (എംസി റോഡിൽ) പാലാത്രച്ചിറയിൽ എത്തിച്ചേരുന്ന ബൈപാസിൽ ഫ്ളൈഓവർ വരുന്നതോടെ യാത്രയ്ക്ക് വേഗതകൂടും.

1060 മീറ്റർ നീളം, 9 മീറ്റർ വീതി, ഇരുവശങ്ങളിലും 8 മീറ്റർ വീതിയിൽ 1265 മീറ്റർ സർവീസ് റോഡ് റെയിൽവേ സ്റ്റേഷനു സമീപത്താരംഭിച്ച് കാന്താരി റെസ്റ്ററൻറിനു സമീപം അവസാനിക്കുന്ന ഫ്ളൈഓവറിന്റെ ആകെ നീളം 1060 മീറ്ററും വീതി ഒമ്പതു മീറ്ററുമാണ്.

കോട്ടയം സൈഡിലെ അപ്രോച്ച് റോഡിനു 290 മീറ്ററും, തിരുവല്ല സൈഡിന് 140 മീറ്ററുമാണ്.

വ്യാപാരികൾക്കും മറ്റുള്ളവർക്കും ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ എട്ടുമീറ്റർ വീതിയിൽ 1265 മീറ്റർ സർവീസ് റോഡ് രണ്ടു വശങ്ങളിലും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വെള്ളത്തിന്റെ സുഗമമായ ഒഴുക്കിന് മൂന്ന് ബോക്സ് കലുങ്കുകൾ, 590 മീറ്റർ സംരക്ഷണ ഭിത്തി, 267 സോഡിയം വേപ്പർ ലൈറ്റുകൾ, 184 സോളാർ എൽഇഡി ലൈറ്റുകൾ, റോഡ് സേഫ്റ്റി നടപടികൾ തുടങ്ങിയവയും പദ്ധതിയിൽ ഉറപ്പാക്കിയിട്ടുണ്ട്.

സ്ഥലമേറ്റെടുപ്പു നടപടികൾ പൂർത്തിയാക്കി ഭൂവുടമകൾക്ക് സ്ഥലത്തിന്റെ വില നൽകുകയും ചെയ്തിട്ടുണ്ട്. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷന്റെ മേൽനോട്ടത്തിലാണ് ഫ്ളൈഓവർ നിർമാണം.

# ശസ്ത്രക്രിയ കൂടാതെ ഹൃദയമിടിപ്പ് ക്രമീകരിക്കുന്നതിന് നൂതന ചികിത്സാ രീതി

**കൊച്ചി:** ഹൃദയ ശസ്ത്രക്രിയ കൂടാതെ ഹൃദയമിടിപ്പ് ക്രമീകരിക്കുന്നതിനായി നൂതന ചികിത്സാരീതി. ഹൃദ്രോഗ ചികിത്സാരംഗത്ത് നിർണായക മുന്നേറ്റമായി കരുതുന്ന ലീഡ്‌ലെസ് (വയറുകളില്ലാത്ത) പേസ്മേക്കറുകളാണ് ഈ മാറ്റത്തിന് പിന്നിൽ. ആരോഗ്യരംഗത്തെ പ്രമുഖ ആഗോള കമ്പനിയായ അബോട്ടാണ് ഈ അത്യാധുനിക സാങ്കേതികവിദ്യ അവതരിപ്പിച്ചത്.

പുതിയ പേസ്മേക്കർ ഹൃദ്രോഗ ചികിത്സയിൽ വലിയ മുന്നേറ്റത്തിനാണ് വഴിവയ്ക്കുന്നതെന്ന് കോഴിക്കോട് മെട്രോമെഡ് ഇന്റർനാഷണൽ കാർഡിയാക് സെന്ററിലെ കാത്ത് ലാബ് ഡയറക്ടറും സീനിയർ ഇലക്ട്രോഫിസിയോളജിസ്റ്റുമായ ഡോ. അരുൺ ഗോപി പറഞ്ഞു. ഹൃദയമിടിപ്പ് കുറയുന്ന ബ്രാഡികാർഡിയ പോലുള്ള അവസ്ഥകൾക്ക് നിലവിൽ നെഞ്ചിന് താഴെ പേസ്മേക്കർ ഘടിപ്പിച്ച് വയറുകൾ ഹൃദയത്തിലേക്ക് ബന്ധിപ്പിക്കുകയാണ് പതിവ്. ഈ ശസ്ത്രക്രിയയിൽ മുറിപ്പാടുകൾ, വയറുകൾ പൊട്ടാനുള്ള സാധ്യത, അണുബാധ തുടങ്ങിയ സങ്കീർണതകൾ ഉണ്ടാകാറുണ്ട്. പുതിയ ലീഡ്‌ലെസ് പേസ്മേക്കർ ഈ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം നൽകുന്നു. തുടയിലെ രക്തക്കുഴലിലൂടെ ഒരു കത്തീറ്റർ ഉപയോഗിച്ചാണ് ഇത് ഹൃദയത്തിന്റെ വലത് വെൻട്രിക്കിളിൽ നേരിട്ട് ഘടിപ്പിക്കുന്നത്. ഇത് നെഞ്ചിൽ മുറിവോ തടിപ്പോ ഉണ്ടാക്കുന്നില്ലെന്നും ഡോ. അരുൺ ഗോപി പറഞ്ഞു. ഏറ്റവും കുറഞ്ഞ ബുദ്ധിമുട്ടുകളോടെയുള്ള ഈ ശസ്ത്രക്രിയ രോഗികൾക്ക് വേഗത്തിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

# കാഴ്ചപരിമിതരുടെ വനിത ടി20 ലോകകപ്പ് ക്രിക്കറ്റ്; ഇന്ത്യൻ റിസർവ് ടീമിൽ മലയാളി ജംഷീലയും



**കൊച്ചി:** കാഴ്ചപരിമിതരുടെ വനിത ടി20 ലോകകപ്പിനായുള്ള ഇന്ത്യൻ ക്രിക്കറ്റ് റിസർവ് ടീമിൽ ഇടം നേടി മലയാളി താരം കെ. ജംഷീല. ബംഗളുരുവിൽ വെച്ച് നടന്ന സെലക്ഷൻ ട്രയൽസ് ടൂർണ്ണമെന്റിലെ പ്രകടനമാണ് പാലക്കാട് സ്വദേശിയായ ജംഷീലയ്ക്ക് ടീമിലേക്ക് വാതിൽ തുറന്നത്. നവംബർ 11 മുതൽ ഇന്ത്യയിൽ നടക്കുന്ന കാഴ്ചപരിമിതരുടെ പ്രഥമ വനിത ടി20 ലോകകപ്പിനായി 16 അംഗ ടീമിനെയാണ് പ്രഖ്യാപിച്ചത്. ഇതിനൊപ്പം പ്രഖ്യാപിച്ച 6 റിസർവ് താരങ്ങളുടെ പട്ടികയിലാണ് ജംഷീല ഉൾപ്പെട്ടിരിക്കുന്നത്. ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇന്ത്യ, നേപ്പാൾ, പാകിസ്ഥാൻ, ശ്രീലങ്ക, യുഎസ്എ ടീമുകൾ ടൂർണമെന്റിൽ പങ്കെടുക്കും. ന്യൂഡൽഹിയിലും ബംഗളൂരുവിലുമായിരിക്കും മത്സരങ്ങൾ നടക്കുക. പാകിസ്ഥാന്റെ മത്സരങ്ങൾ ഇന്ത്യക്ക് പുറത്തുള്ള വേദിയിലായിരിക്കും.

# ശ്രീനിധി സുരേഷ് മിസ് കേരള 2025



**കൊച്ചി:** ഇംപ്രസാരിയോ മിസ് കേരള സിൽവർ ജൂബിലി എഡിഷനിൽ സൗന്ദര്യ കിരീടം ശ്രീനിധി സുരേഷിന്. കഴിഞ്ഞ വർഷത്തെ മിസ് കേരള മേഘ ആന്റണി ശ്രീനിധിയെ കിരീടം അണിയിച്ചു.

അഞ്ജലി ഷമീർ ബ്യൂട്ടി ഫസ്റ്റ് റണ്ണറപ്പും നിതാര സൂസൻ ജേക്കബ് ബ്യൂട്ടി വിത്ത് എലഗൻസ് സെക്കന്റ് റണ്ണറപ്പുമായി. തിരുവനന്തപുരം സ്വദേശിയായ ശ്രീനിധി നിയമ വിദ്യാർഥിനിയാണ്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് വിദ്യാർഥിനിയാണ് അഞ്ജലി ഷമീർ. പ്രൊജക്ട് ഡിസൈനറായ നിതാര സൂസൻ ജേക്കബ് തിരുവല്ല സ്വദേശിയാണ്. മിസ് ബ്യൂട്ടിഫുൾ ഹെയർ-എയ്ഞ്ചൽ തോമസ്, മിസ് ബ്യൂട്ടിഫുൾ - സ്മൈൽ ദേവിക വിദ്യാധരൻ, മിസ് ബ്യൂട്ടിഫുൾ സ്കിൻ - ബി. ലക്ഷ്മിപ്രിയ, മിസ് ബ്യൂട്ടിഫുൾ ഐസ്-ശ്രീനിധി, മിസ് കൺജിനിയലിറ്റി - ജിനു, മിസ് ബ്യൂട്ടിഫുൾ വോയിസ് - പൂജ സത്യേന്ദ്രൻ, മിസ് ഫിറ്റ്നെസ് - അഞ്ജലി ഷമീർ, മിസ് ഫോട്ടോജെനിക്ക് - എൽ.എസ് ശ്രീലക്ഷ്മി, മിസ് ടാലന്റഡ് - ജിനു എന്നിവർ സബ് ടൈറ്റിൽ പുരസ്ക്കാരങ്ങൾ സ്വന്തമാക്കി. മിസ് ഇന്ത്യ വേൾഡ് വൈഡ് 2025, മിസ് ഇന്ത്യ യു.എ.ഇ 2025 ജേത്രി സുകന്യ സുധാകരൻ, മൂലൻസ് ഗ്രൂപ്പിലെ വിജയ് വർഗ്ഗീസ് മൂലൻ, അവതാരകയും നടിയും എഴുത്തുകാരിയുമായ അശ്വതി ശ്രീകാന്ത്, ചലച്ചിത്ര സംവിധായകൻ തരുൺ മൂർത്തി, നർത്തകി ഡോ. നീന പ്രസാദ്, പരസ്യ സംവിധായകനും ഫാഷൻ ഷോ സംവിധായകനും ക്യൂറേറ്ററുമായ ഭാസ്ക്കരൻ ചന്ദ്രശേഖർ, ചലച്ചിത്ര താരം ഷാനു സുരേഷ്, ചലച്ചിത്ര താരം ഹേമന്ത് മേനോൻ എന്നിവരായിരുന്നു വിധി കർത്താക്കൾ.

സൊസൈറ്റി ടുഡേ
SOCIETY TODAY



കേരളത്തിലെ മുൻനിര കേക്ക് നിർമ്മാതാക്കളായ ബേക്ക്മിൽ ഫുഡ്സിന്റ പുതിയ ലോഗോയുടെ പ്രകാശനം ചലച്ചിത്രതാരം മഡോണ സെബാസ്റ്റിൻ നിർവ്വഹിക്കുന്നു. ബേക്ക്മിൽ ഫുഡ് മാനേജിംഗ് പാർടണർമാരായ നൗഷാദ് ഇബ്രാഹിം, മനോജ് ജോസഫ് എന്നിവർ സമീപം.

# ബേക്ക്മിൽ ഫുഡ്സ്; പുതിയ ലോഗോയും സിംബലും അവതരിപ്പിച്ചു

**കൊച്ചി:** കേരളത്തിലെ മുൻനിര കേക്ക് നിർമ്മാതാക്കളായ ബേക്ക്മിൽ ഫുഡ്സ് 11 ാം വർഷത്തിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി പുതിയ ലോഗോയും, സിംബലും അവതരിപ്പിച്ചു. കൊച്ചിയിലെ ഹോട്ടൽ ഹോളിഡേ ഇൻ ഹോട്ടലിൽ സംഘടിപ്പിച്ച ചടങ്ങിൽ പുതിയ ലോഗോയുടെയും, സിംബലിന്റെയും പ്രകാശനം ചലച്ചിത്രതാരം മഡോണ സെബാസ്റ്റ്യൻ നിർവ്വഹിച്ചു. ചടങ്ങിൽ ബേക്ക്മിൽ ഫുഡ് മാനേജിംഗ് പാർടണർമാരായ നൗഷാദ് ഇബ്രാഹിം, മനോജ് ജോസഫ്, മുഹമ്മദ് സഗീർ എന്നിവരും പങ്കെടുത്തു.

അടുത്ത രണ്ടു വർഷത്തിനുള്ളിൽ ബേക്ക്മിൽ 100 കോടിയുടെ വിപുലീകരണ പദ്ധതികൾ നടപ്പക്കുമെന്ന് മാനേജിംഗ് പാർട്ടണർ നൗഷാദ് ഇബ്രാഹിം പറഞ്ഞു. ആദ്യഘട്ടത്തിൽ, 50 എക്സ്ക്ലൂസീവ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ ആരംഭിച്ച്, പ്രീമിയം കേക്കുകൾ, കുക്കികൾ, പ്രത്യേക ഉൽപ്പന്നങ്ങൾ എന്നിവ ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കും. ഇതിലൂടെ പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കും. പുതിയ ലോഗോയും, സിംബലും അവതരിപ്പിക്കുന്നതിലൂടെ ദൃശ്യപരമായ മാറ്റത്തിനും അപ്പുറം രുചി, ഗുണമേന്മ, പുതുമ, ഉയർന്ന ഗുണനിലവാരം എന്നിവയിലൂടെ ഇന്ത്യയിലെയും വിദേശത്തെയും വിപണികളിൽ ബേക്ക്മില്ലിന് കൂടുതൽ സ്വീകാര്യത ലഭിക്കുമെന്ന് പാർട്ണർമാരായ മനോജ് ജോസഫ്, മുഹമ്മദ് സഗീർ എന്നിവർ പറഞ്ഞു. വരും മാസങ്ങളിൽ പുതിയ ലോഗോയിലായിരിക്കും എല്ലാ ഉൽപ്പന്നങ്ങളും വിപണിയിലെത്തുക. 15 രാജ്യങ്ങളിലേക്ക് ബേക്ക്മിൽ കയറ്റുമതി നടത്തുന്നുണ്ട്. യു.എസിലെ ടെക്സാസിൽ 'ഗ്ലോബൽ ഇംപെക്സ് ഐഎൻസി' എന്ന പേരിൽ സ്വന്തം വിതരണ ശൃംഖലയുണ്ട്. ഇതിലൂടെ മറ്റ് പത്തിലധികം ഇന്ത്യൻ ബ്രാൻഡുകളും വിതരണം ചെയ്യുന്നുണ്ട്. യു.എസ്.എ, കാനഡ, യൂറോപ്പ്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിൽ മൂന്നാമത്തെ വലിയ കേക്ക് വിതരണ ശൃഘലയും ബേക്ക്മില്ലിന്റെതാണെന്നും ഇവർ വ്യക്തമാക്കി.

ഇരിങ്ങാലക്കുടയിൽ 3,500 ചതുരശ്രഅടി വിസ്തൃതിയിൽ 10 വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ബേക്കമില്ലിന് ഇന്ന് ഒന്നരലക്ഷം ചതുരശ്ര അടിവിസ്തൃതിയും നാല് അത്യാധുനിക നിർമ്മാണയൂണിറ്റുകളും ഉണ്ട്. പ്രതിദിനം 70 ടൺ കേക്ക് ഉത്പാദന ശേഷിയോടുകൂടി കേരളത്തിലെ രണ്ടാമത്തെ വലിയ കേക്ക് നിർമ്മാതാക്കളാണ്. പ്രാദേശിക വനിതകൾക്ക് തൊഴിൽ നൽകുന്നതിന്റെ പ്രതിബദ്ധതയുടെ ഭാഗമായി കമ്പനിയിൽ 80% ത്തിലധികം തൊഴിലാളികളും വനിതകളാണ്. യൂണിബിക്, റിലയൻസ് റീട്ടെയിൽ, മോർ റീട്ടെയിൽ, ലുലു ഗ്രൂപ്പ്, അഞ്ജനി ഫുഡ്സ് തുടങ്ങിയ ഭാരതത്തിലെ പ്രമുഖ കമ്പനികൾക്കായി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതും ബേക്ക്മില്ലാണ്.

# ഓട്ടോസെക് 2025 സമാപിച്ചു

**കൊച്ചി:** ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ആന്റ് ഓട്ടോമേഷൻ മേഖലയിലെ സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ എക്സിബിഷനായ ഓട്ടോസെക് എക്സ്പോ 2025 സമാപിച്ചു. ഓൾ കൈൻഡ്സ് ഓഫ് ഇലക്ട്രോണിക് സെക്യൂരിറ്റി സിസ്റ്റം ഇന്റഗ്രേറ്റർ അസോസിയേഷൻ (അക്ഷ്യേ) കേരള ചാപ്റ്ററിന്റെ നേതൃത്വത്തിൽ കലൂർ ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് എക്സ്പോ നടന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 79 ലധികം കമ്പനികൾ സുരക്ഷാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട 1500 ഓളം ഉപകരണങ്ങൾ എക്സ്പോയിൽ പ്രദർശിപ്പിച്ചു.

അയ്യായിരത്തിലധികം ആളുകൾ പ്രദർശനം കാണാനും ആധുനിക സുരക്ഷാ സംവിധാനങ്ങളെക്കുറിച്ച് അറിയാനുമായി എത്തി. വിപണിയിൽ സംരംഭകർ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് എംഎസ്എംഇ ഡിഎഫ്ഒ തൃശൂർ ഇൻസട്രക്ടർ വി.ജിത്തുറാം, സ്റ്റാർട്ട് അപ്പ് മിഷൻ പ്രൊജക്ട് ഡയറക്ടർ റിട്ട. ലെഫ്റ്റന്റ് കമാൻഡർ സജിത് കുമാർ, ബാങ്ക് ഓഫ് ബറോഡ ചീഫ് മാനേജർ ആത്മരം ഷെട്ടി, ബിസിനസ് സ്ട്രാറ്റജിസ്റ്റ് ഫസലു റഹ്മാൻ എന്നിവർ പങ്കെടുത്ത ചർച്ചയും സമാപന ദിവസം നടന്നു.



കലൂർ അന്താരാഷ്ട്ര മൈതാനിയിൽ സംഘടിപ്പിച്ച ഓട്ടോസെക് 2025 പ്രദർശനത്തിന്റെ സമാപന സമ്മേളനം കൊച്ചി കോർപ്പറേഷൻ ആരോഗ്യവിഭാഗം സ്ഥിരം സമിതി ചെയർമാൻ ടി. കെ അഷറഫ് ഉദ്ഘാടനം ചെയ്യുന്നു. അനീഷ്, നവാസ്, മാഹിൻ ഇബ്രാഹിം, പി. വി ശ്യാംപ്രസാദ്, അനുദാസ് ശിവദാസൻ, റിജേഷ്, ജിൽറ്റ് ജോസഫ്, ദീപു ഉമ്മൻ, എ. ടി ജോസ്, സജയ്കുമാർ, ലിന്റോ ഫ്രാൻസീസ്, എം. രഞ്ജിത്ത്, യദു, സഞ്ജയ് ജിൻഡാൽ എന്നിവർ സമീപം.

കൊച്ചി കോർപ്പറേഷൻ ഹെൽത്ത് സ്ഥിരം സമിതി ചെയർമാൻ ടി.കെ.അഷറഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്നത്തെ സാഹചര്യത്തിൽ ഇലക്ട്രോണിക്ക് സെക്യൂരിറ്റി സിസ്റ്റവും അനുബന്ധ ഉപകരണങ്ങളും അത്യന്താപേഷിതമാണെന്ന് ടി.കെ.അഷറഫ് പറഞ്ഞു. അക്ഷ്യേ സംസ്ഥാന പ്രസിഡന്റ് എ.ടി ജോസ് അധ്യക്ഷത വഹിച്ചു. ഓട്ടോസെക് ചെയർമാൻ സഞ്ജയ് സനൽ, അക്ഷ്യേ സംസ്ഥാന സെക്രട്ടറി പി.വി ശ്യാംപ്രസാദ്, ട്രഷറർ റിജേഷ് രാംദാസ്, ഓട്ടോസെക് കൺവീനർ ദീപു ഉമ്മൻ, ഡൽഹി പ്രതിനിധി സഞ്ജയ് ജിൻഡാൽ, വൈസ് പ്രസിഡന്റുമാരായ കെ. എസ് അനൂപ്, ലിന്റോ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറിമാരായ അനീഷ് വേണുഗോപാൽ, സരൻ ബാബു, യദുകൃഷ്ണൻ, എക്സിക്യൂട്ടീവ് അംഗങ്ങളായ ഷമീർ മരയ്ക്കാർ, ടി. കെ അബ്ദുൾ ഹക്കിം, എബിൻ ആന്റോ, തണൽ ചെയർമാൻ ജിൽറ്റ് ജോസഫ്, അരുൺ കുമാർ, നവാസ്, അനുദാസ് തുടങ്ങിയവർ സംസാരിച്ചു.

## ഡോ. അനന്തു എന്റർടെയ്ൻമെന്റിന് തുടക്കം കുറിച്ച് സൈലം ഗ്രൂപ്പ് സ്ഥാപകൻ

**കോഴിക്കോട്:** ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ എഡ്ടെക് കമ്പനികളിൽ ഒന്നായ സൈലം ലേണിംഗ് സ്ഥാപകൻ ഡോ. എസ്. അനന്തു സിനിമാരംഗത്തേക്ക്. ഈ സ്വപ്നസാക്ഷാത്കാരത്തിന്റെ ഭാഗമായി സ്വന്തമായി ഒരു ചലച്ചിത്ര നിർമാണ കമ്പനി കൂടി തുടങ്ങിയിരിക്കുകയാണ് വിദ്യാർത്ഥികൾക്ക് സുപരിചിതനായ ഡോ. അനന്തു.

ഡോ. അനന്തു എന്റർടെയ്ൻമെന്റ് എന്ന പേരിൽ തുടങ്ങിയിരിക്കുന്ന ഫിലിം പ്രൊഡക്ഷൻ കമ്പനിയുടെ ലോഗോ ലോഞ്ച് കോഴിക്കോട് നടന്നു. പഠിക്കുന്ന കാലം മുതലേ സിനിമയോടുള്ള അഭിനിവേശവും ഉള്ളിലുണ്ടായിരുന്നു എന്ന് ഡോ. അനന്തു പറയുന്നു. സൈലത്തിലെ വിദ്യാർത്ഥികളോടൊപ്പം സമയം ചെലവഴിക്കുന്നത് പോലെ തന്നെ താൻ ഏറെ ആസ്വദിക്കുന്ന ഒരു വിഷയമാണ് സിനിമയെന്നും അദ്ദേഹം പറഞ്ഞു. ഡിജിറ്റൽ സ്പേസിൽ ഉൾപ്പെടെ കാണികളെ രസിപ്പിക്കുന്ന മികച്ച സിനിമകളും, ഡിജിറ്റൽ കണ്ടന്റുകളും നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡോ. അനന്തു എന്റർടെയ്ൻമെന്റിന് തുടക്കം കുറിച്ചിരിക്കുന്നത്. മുൻനിര താരങ്ങളും സംവിധായകരും ഒരുമിക്കുന്ന ആറോളം സിനിമകളുടെ പ്രഖ്യാപനം വൈകാതെ ഉണ്ടാകും. ചില ബിഗ് ബജറ്റ് സിനിമകൾക്കായുള്ള ആശയങ്ങളും പരിഗണനയിലുണ്ട്. ഡോ. അനന്തുവിന്റെ സൈലം ഗ്രൂപ്പിന് കീഴിലുള്ള യൂട്യൂബ് ചാനലിൽ 1 കോടി ഫോളോവേഴ്സാണുള്ളത്. സൈലം ആപ്പിൽ 10 ലക്ഷം പെയ്ഡ് യൂസേഴ്സ് ഓൺലൈനായി ലോഗിൻ ചെയ്തിട്ടുണ്ട്.

## ജിഎസ്ടി: വിലകുറയ്ക്കാൻ ടൊയോട്ട കിർലോസ്കർ മോട്ടോർ

**ബാംഗ്ലൂർ:** ജിഎസ്ടി നിരക്കുകളിൽ വരുത്തിയ കുറവിന്റെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു ടൊയോട്ട കിർലോസ്കർ മോട്ടോർ (ടികെഎം). പുതുക്കിയ നിരക്കുകൾ ഈ മാസം സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ വരും.

ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഈ ഇളവുകൾ വാഹന മേഖലയിലെ മൊത്തത്തിലുള്ള ആത്മവിശ്വാസം ശക്തിപ്പെടുത്തിയതായി സെയിൽസ് സർവീസ് യൂസ്ഡ് കാർ ബിസിനസ് ആന്റ് പ്രോഫിറ്റ് എൻഹാൻസ്മെന്റ് വൈസ് പ്രസിഡന്റ് വരീന്ദർ വാധ്വ പറഞ്ഞു. ഉത്സവ സീസണിന് മുന്നോടിയായുള്ള ഈ നടപടി ബിസിനസ്സിന് ആക്കം കൂട്ടുമെന്നും, ഉപഭോക്താക്കളുടെ ആവശ്യകത വർദ്ധിക്കുമെന്നും അദ്ദേഹം കൂട്ടി ചേർത്തു. ഗ്ലാൻസ 85,300 രൂപ വരെ, ടെയ്സർ 1,11,100 രൂപ വരെ, റുമിയോൺ 48,700 രൂപ വരെ, ഹൈറൈഡർ 65,400 രൂപ വരെ, ക്രിസ്റ്റ 1,80,600 രൂപ വരെ, ഹൈക്രോസ് 1,15,800 രൂപ വരെ, ഫോർച്യൂണർ 3,49,000 രൂപ വരെ, ലെജൻഡർ 3,34,000 രൂപ വരെ, ഹൈലക്സ് 2,52,700 രൂപ വരെ, കാംറി 1,01,800 രൂപ വരെ, വെൽഫയർ 2,78,000 രൂപ വരെ വിലകുറയാനാണ് സാധ്യത.

## പാരിസ് ഫാഷൻ വീക്ക് മാന്ത്രികത ഇന്ത്യയിലെത്തിച്ച് റിലയൻസ് ടിറ

**കൊച്ചി/മുംബൈ:** ഇന്നവേഷന് പേരുകേട്ട ലോകത്തിലെ ഏറ്റവും പ്രമുഖ ബ്യൂട്ടി, ഫാഷൻ ബ്രാൻഡായ ലോറിയൽ പാരിസും റിലയൻസ് റീട്ടെയ്ലിന്റെ ബ്യൂട്ടി സംരംഭമായ ടിറയും കൈകോർക്കുന്നു.




ലോകത്തിലെ ഏറ്റവും സ്വാധീനം ചെലുത്തുന്ന, ആഗോള ഫാഷൻ മാമാങ്കമായ പാരിസ് ഫാഷൻ വീക്കിനു വേണ്ടിയാണ് ഇരു ബ്രാൻഡുകളും പങ്കാളിത്തത്തിലേർപ്പെടുന്നത്. ഇതിന്റെ ഭാഗമായി ഇരുബ്രാൻഡുകളും ചേർന്ന് റൺവേ ടു പാരിസ് എന്ന വേറിട്ട സംരംഭത്തിന് മുംബൈയിൽ തുടക്കമിട്ടു. പാരീസിന്റെ ഫാഷൻ ആകർഷണീയതയെ ഇന്ത്യയുടെ സർഗ്ഗാത്മക സ്പന്ദനവുമായി സംയോജിപ്പിച്ച പരിപാടിയായിരുന്നു അത്. കഥ പറച്ചിലിൽ ഫാഷനും സൗന്ദര്യവും എങ്ങനെ ഒത്തുചേരുന്നുവെന്ന് അടയാളപ്പെടുത്തി ഈ ഫാഷൻ മുന്നേറ്റം. രാജ്യമെമ്പാടുമുള്ള വിദ്യാർത്ഥികൾ അവരുടെ ഫാഷൻ സ്റ്റൈൽ സ്റ്റേറ്റ്മെന്റ് പ്രദർശിപ്പിക്കുന്നതിനായി റൺവേ ടു പാരിസിൽ അണിനിരന്നു. ഗ്രാൻഡ് ഫിനാലെയിൽ എട്ട് ടീമുകളാണ് വിഖ്യാത ജൂറിക്ക് മുന്നിൽ തങ്ങളുടെ ഫാഷൻ സ്റ്റൈൽസ്റ്റേറ്റ്മെന്റ് അവതരിപ്പിച്ചത്. വ്യക്തിത്വം, ശാക്തീകരണം, ഉൾച്ചേർക്കൽ എന്നിങ്ങനെയുള്ള മൂന്ന് ആശയങ്ങളെ അടിസ്ഥാനപ്പെടുത്തിയായിരുന്നു റൺവേ ടു പാരിസ് സംഘടിപ്പിച്ചത്. ഒരു പ്രദർശനം എന്നതിലും അപ്പുറമായിരുന്നു റൺവേ ടു പാരിസ്. സർഗാത്മകത, ഉൾച്ചേർക്കൽ, ശാക്തീകരണം എന്നിവ ആഘോഷിക്കുന്ന ഒരു മുന്നേറ്റമായിരുന്നുവെന്ന് അത്ലോറിയൽ പാരിസ് ഇന്ത്യ ജനറൽ മാനേജർ ഡാരിയോ സിസ്സി പറഞ്ഞു. സൗന്ദര്യത്തെയും ഫാഷൻ അനുഭവങ്ങളെയും ജനകീയവൽക്കരിക്കുകയെന്ന ടിറയുടെ വീക്ഷണത്തിന്റെ തുടർച്ചയാണ് ഈ ആഗോള പങ്കാളിത്തം. യുവ ഡിസൈനർമാരെ ശാക്തീകരിക്കുന്നതിലൂടെയും ആഗോള ട്രെൻഡുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിലൂടെയും റൺവേ ടു പാരിസ് യഥാർത്ഥത്തിൽ ആഗ്രഹങ്ങളുടെയും അതിന്റെ പൂർത്തീകരണത്തെയും ബന്ധിപ്പിക്കുന്ന പാലമായി വർത്തിക്കുകയാണ് ചെയ്തതെന്ന് ടിറ സഹസ്ഥാപകനായ ഭക്തി മോദി പറഞ്ഞു.

# ആയുഷിലെ ഐടി പരിഹാരങ്ങൾ കുമരകത്ത് ദേശീയ ശിൽപ്പശാല 18, 19 തീയതികളിൽ

**കൊച്ചി:** ആയുഷ് മേഖലയ്ക്ക് വേണ്ടിയുള്ള ഐടി സൊല്യൂഷനുകൾ എന്ന വിഷയത്തിൽ സെപ്റ്റംബർ 18, 19 തീയതികളിൽ കുമരകത്ത് ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 18 ന് രാവിലെ 9.30 ന് മന്ത്രി വീണാ ജോർജ്ജ് പരിപാടി ഉദ്ഘാടനം ചെയ്യും. സംസ്ഥാന ആയുഷ് വകുപ്പും നാഷണൽ ആയുഷ് മിഷൻ കേരളയും സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടി കുമരകത്തെ കെടിഡിസി വാട്ടർസ്കേപ്സിലാണ് നടക്കുന്നത്. രാജ്യത്തുടനീളമുള്ള ആയുഷ് സേവനങ്ങൾക്ക് ഏകീകൃത ഡിജിറ്റൽ ചട്ടക്കൂട് രൂപപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ശിൽപ്പശാലയിൽ 28 സംസ്ഥാനങ്ങളിൽ നിന്നും എട്ട് കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുക്കും. ആയുഷ് മേഖലയിലെ ഐടി അധിഷ്ഠിത ഡിജിറ്റൽ സേവനങ്ങളെ സംബന്ധിച്ചുള്ള വകുപ്പുതല ഉച്ചകോടിയിൽ നോഡൽ സംസ്ഥാനമായി നേരത്തേ തന്നെ കേരളത്തെ തിരഞ്ഞെടുത്തിരുന്നു. ഡിജിറ്റൽ രംഗത്ത് സംസ്ഥാനം നേടിയ മുന്നേറ്റങ്ങൾ പരിഗണിച്ചായിരുന്നു ഇത്. ആയുഷ് മേഖലയിലെ ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തി സമഗ്രവും ഏകീകൃതവും പരസ്പരം ബന്ധിപ്പിക്കാവുന്നതുമായ ഡിജിറ്റൽ ചട്ടക്കൂട് നിർമ്മിക്കുക, ദേശീയ ഡിജിറ്റൽ ഹെൽത്ത് ഇക്കോസിസ്റ്റവുമായി അതിനെ യോജിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് ശിൽപ്പശാല വേദിയാകും.

വിവിധ സംസ്ഥാനങ്ങളിലെ മന്ത്രിമാർ, കേന്ദ്ര ആയുഷ് മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥർ, ഐടി വിഭാഗം മേധാവികൾ, ഡിജിറ്റൽ ഹെൽത്ത് ഇ-ഗവേണൻസ് രംഗങ്ങളിലെ വിദഗ്ധർ എന്നിവർ ശിൽപ്പശാലയിൽ പങ്കെടുക്കും. ആയുഷ് സേവനങ്ങൾ വിപുലമാക്കുന്നതിനും വേഗത്തിൽ എത്തിക്കുന്നതിനുമായി വിഷയാധിഷ്ഠിത ശിൽപ്പശാലകൾ സംഘടിപ്പിക്കണമെന്ന് നീതി ആയോഗ് വിളിച്ചുചേർത്ത ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ തീരുമാനിച്ചിരുന്നു. 'നാഷണൽ ആയുഷ് മിഷനും സംസ്ഥാനങ്ങളുടെ ശേഷീവർധനവും' എന്നതാണ് യോഗത്തിൽ പ്രധാനമായും ചർച്ചയായ വിഷയം. തുടർന്ന് ആയുഷ് മേഖലയിൽ ഐടി പരിഹാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെ സംബന്ധിച്ച് കേരളം അവതരണം നടത്തി. തുടർന്ന് വിഷയത്തിൽ വിശദമായ ചർച്ചകൾക്കും രൂപരേഖ തയ്യാറാക്കുന്നതിനുമായി ശിൽപ്പശാല സംഘടിപ്പിക്കുവാൻ ആയുഷ് മന്ത്രാലയം നിർദ്ദേശിച്ചു. ശിൽപ്പശാലയുടെ ഭാഗമായി സാങ്കേതിക അവതരണങ്ങളും ലൈവ് ഡെമോൺസ്ട്രേഷനുകളും നടക്കും. ശിൽപ്പശാലയിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് സെപ്റ്റംബർ 20,21 തീയതികളിൽ തിരഞ്ഞെടുത്ത മാതൃകാ ആയുഷ് സ്ഥാപനങ്ങളിലേക്ക് സന്ദർശനം ഒരുക്കിയിട്ടുണ്ട്. സംസ്ഥാനം നടപ്പാക്കുന്ന വിവിധ സേവന മാതൃകകളെക്കുറിച്ച് നേരിട്ട് മനസിലാക്കാൻ ഇതിലൂടെ അവസരം ലഭിക്കും. ആയുർവേദം, യോഗയും നാച്ചുറോപ്പതിയും യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നീ ചികിത്സാരീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ വിദ്യാഭ്യാസത്തിലും ഗവേഷണത്തിലും ശ്രദ്ധകേന്ദ്രീകരിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന് കീഴിൽ പ്രവർത്തിക്കുന്ന മന്ത്രാലയമാണ് ആയുഷ്.

## മേക്കിങ് ഇന്ത്യ ഡെങ്കു ഫ്രീ; ബോധവൽക്കരണ ക്യാമ്പയിനുമായി ഡാബർ ഇന്ത്യ

**കൊച്ചി:** ഇന്ത്യയെ ഡെങ്കുവിമുക്തമാക്കാൻ ക്യാമ്പയിനുമായി ഡാബർ ഇന്ത്യ. ഡെങ്കിപ്പനി, മലമ്പനി എന്നിവയിൽ നിന്നുള്ള ഫലപ്രദമായ പ്രതിരോധത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ഡാബർ ഒഡോമോസ് അതിന്റെ മെഗാ സംരംഭമായ മേക്കിംഗ് ഇന്ത്യ ഡെങ്കു ഫ്രീ ക്യാമ്പയിന്റെ ഭാഗമായി സാമൂഹ്യ ബോധവൽക്കരണം നടത്തുകയും ഡെങ്കിപ്പനിക്ക് കാരണമാകുന്ന കൊതുകുകളിൽ നിന്ന് സ്വയം രക്ഷനേടുന്നതിനായി ഒഡോമോസ് കൊതുക് റിപ്പല്ലന്റ് ക്രീമുകളുടെ സൗജന്യ സാമ്പിളുകൾ  രാജ്യത്തുടനീളം സ്കൂൾ വിദ്യാർത്ഥികൾക്ക് വിതരണവും ചെയ്യും. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ വൈപ്പിൻ കർത്തേടം സേക്രഡ് ഹാർട്ട് യുപി സ്കൂളിലെ 300 ലധികം കുട്ടികൾക്കിടയിൽ കൊതുകുകളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനെക്കുറിച്ച് ബോധവൽക്കരണം നടത്തി. പ്രതിരോധ നടപടികളെക്കുറിച്ച് അവബോധം പ്രചരിപ്പിക്കുകയും ഡെങ്കിപ്പനിക്ക് കാരണമാകുന്ന കൊതുകുകളിൽ നിന്ന് സ്വയം പരിരക്ഷിക്കാൻ സഹായിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഡാബർ ഇന്ത്യ ലിമിറ്റഡ് മാർക്കറ്റിംഗ് ഹെഡ്  ഹോം കെയർ വൈഭവ് റാത്തി പറഞ്ഞു.

## പ്രവാസി കമ്മീഷൻ അദാലത്ത് ഇന്ന് എറണാകുളത്ത്

**കൊച്ചി:** പ്രവാസി കമ്മീഷൻ  അദാലത്ത് ഇന്ന്  രാവിലെ 10 മുതൽ എറണാകുളം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ  നടക്കും.  കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ് അദാലത്തിന് നേതൃത്വം നൽകും. കമ്മീഷൻ അംഗങ്ങളായ  പി. എം. ജാബിർ, ഡോ. മാത്യൂസ് കെ. ലൂക്കോസ്, എം. എം നയീം, ജോസഫ് ദേവസ്യ പൊന്മാങ്കൽ എന്നിവർ പങ്കെടുക്കും. എല്ലാ ജില്ലകളിൽ നിന്നുള്ള പരാതികളും അദാലത്തിൽ സ്വീകരിക്കും.  പ്രവാസികളുടെ സ്വത്തിനെയും ജീവനെയും സംബന്ധിക്കുന്നതുൾപ്പെടെ ന്യായമായ ഏതു വിഷയവും പ്രവാസി കമ്മീഷൻ മുമ്പാകെ ഉന്നയിക്കാവുന്നതാണ്. നേരിട്ടും ഇ മെയിൽ മുഖാന്തിരവും പരാതികൾ സ്വീകരിക്കുന്നതാണ്. വിലാസം : പ്രവാസി ഭാരതീയ കമ്മീഷൻ, ആറാം നില, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം- 695014. ഫോൺ 0471-2322311. മെയിൽ: secycomsn.nri@kerala.gov.in



## 'മെഗാ ഫെസ്റ്റീവ് ഉത്സവ്' അവതരിപ്പിച്ച് ഒബെൻ ഇലക്ട്രിക്

**കൊച്ചി:** തദ്ദേശീയവും ആർ ആൻഡ് ഡിയിൽ അധിഷ്ഠിതവുമായ ഇന്ത്യയിലെ മുൻനിര ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഒബെൻ ഇലക്ട്രിക്, തങ്ങളുടെ പ്രധാനപ്പെട്ട ഇലക്ട്രിക് മോട്ടോർസൈക്കിളുകളായ റോർ ഇസി സിഗ്മ, റോർ ഇസി എന്നിവയിൽ മെഗാ ഫെസ്റ്റീവ് ഉത്സവ് എന്ന പേരിൽ രാജ്യവ്യാപകമായി ഫെസ്റ്റിവ് പ്രോഗ്രാം ആരംഭിക്കുന്നതായി പ്രഖ്യാപിച്ചു. 35,000 വരെ മൂല്യമുള്ള പ്രത്യേക ഉപഭോക്തൃ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തുകൊണ്ട് അർബൻ റൈഡർമാർക്ക് പ്രീമിയം ഇലക്ട്രിക് മോട്ടോർസൈക്കിളുകൾ കൂടുതൽ പ്രാപ്യവും ആഗ്രഹിക്കാവുന്നതുമാക്കി മാറ്റുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

## ഇന്ത്യയിലെ ഏറ്റവും വലിയ ടിവിയുമായി വോബിൾ ഡിസ്പ്ലേസ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഡിസ്പ്ലേയുള്ള ടെലിവിഷനുമായി ഇന്ത്യൻ കമ്പനി വോബിൾ ഡിസ്പ്ലേസ്. 116.5 ഇഞ്ച് വലിപ്പമുള്ള വോബിൾ മാക്സിമസ് സീരീസ് ഗൂഗിൾ ടിവി 5.0 ഡിസ്പ്ലേ 100% ക്യൂഎൽഇഡിയാണ്. 116.5 ഇഞ്ചിൽ അഡ്വാൻസ്ഡ് ക്വാണ്ടം ഡോട്ട് കളർ കൃത്യത, മിനിഎൽഇഡി ബാക്ക് ലൈറ്റിംഗ്, ആൻഡ്രോയിഡ് 14 അടങ്ങിയ ഗൂഗിൾ ടിവി 5.0 ഒഎസ്, രണ്ട് വൂഫറുകളുള്ള 240വാട്ട് 6.2.2 ചാനൽ ശ്രേണി, 2000 നീറ്റ്സ് പീക്ക് ബ്രൈറ്റ്നസ്, ഡോൾബി വിഷൻ അറ്റ്മോസ്, എച്ച്ഡിആർ എന്നീ പ്രത്യേകതകൾ എല്ലാമുണ്ട്.

ഒപ്പം, 4കെ 144ഹേർട്സ് നേറ്റീവ് റിഫ്രഷ് റേറ്റിൽ ഫ്ളൂയിഡ്, ലാഗ്ഫ്രീ പ്രകടനത്തോടെയുള്ള നെക്സ്റ്റ് ജനറേഷൻ കൺസോൾ ഗെയിമിംഗിനെയും പിസി കണക്റ്റിവിറ്റിയെയും പിന്തുണയ്ക്കുന്നു. മാക്സിമസ് സീരീസ് 86 ഇഞ്ച്, 98 ഇഞ്ച് എന്നീ വലിപ്പങ്ങളിലും ലഭ്യമാണ്.


